**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **06-10-2025 - ൽ മറുപടിയ്ക്ക്**

**നേമം സർവീസ് സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നേമം സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപങ്ങൾ മടക്കി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സഹകരണ വകുപ്പിന്റെ പരിശോധനയിൽ നിക്ഷേപത്തിൽ എത്ര കോടി രൂപയുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 86,17,50,524/-രൂപയുടെ (എൺപത്തിയാറ് കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ) അറ്റനഷ്ടം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി അറ്റനഷ്ടത്തിൽ 85,21,40,666/- രൂപയുടെ (എൺപത്തി അഞ്ച് കോടി ഇരുപത്തൊന്ന് ലക്ഷത്തി നാൽപതിനായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ) നിക്ഷേപ ശോഷണം സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഡയറക്ടർ ബോർഡിലെ എത്രപേർക്കെതിരെ, ആർക്കെല്ലാമെതിരെ സഹകരണ വകുപ്പ് വകുപ്പുതല നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | മൂന്ന് ടേമുകളിലെ ഡയറക്ടർ ബോർഡിലെ 23 പേർക്കെതിരെ സഹകരണ വകുപ്പ് വകുപ്പ് തല നടപടി സ്വീകരിച്ചു വരുന്നു. വകുപ്പ് തല നടപടി സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>1.സംഘത്തിലെ ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 33 (1) പ്രകാരം നീക്കം ചെയ്യുകയും പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2.ടി സംഘത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ആഡിറ്റിലും ഇൻസ്പെക്ഷനിലും കണ്ടെത്തിയതിനെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങൾക്ക് എതിരെ ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പോലീസ് |

മേധാവിക്ക് അന്വേഷണ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്.

3. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ നഷ്ടോത്തരവാദിത്തം തിട്ടപ്പെടുത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണം പുരോഗമിച്ച് വരുന്നു.

4.ടി ബാങ്കിലെ നിക്ഷേപകരുടെ പരാതിയിൻമേൽ മുൻ ഭരണസമിതി അംഗങ്ങളായിരുന്ന ശ്രീ. ആർ. പ്രദീപ് കുമാർ (മുൻ പ്രസിഡന്റ്), ശ്രീ. എസ് ബാലചന്ദ്രൻ നായർ (മുൻ സെക്രട്ടറിയും റിട്ടയർ ചെയ്ത ശേഷം ഭരണസമിതി അംഗവും) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്യുകയും ഇവർ ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പ് തല നടപടി സ്വീകരിച്ച് വരുന്ന ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കെ. മുഹമ്മദ് ഷമീർ

2. ജി. ഗോപിനാഥൻ.

3. കെ.എസ്. പദ്മ കുമാർ

4. ആർ. പ്രദീപ് കുമാർ

5. എ. സുൽഫിക്കർ

6. ആർ. ഉണ്ണികൃഷ്ണൻ

7. എസ്. ബാലചന്ദ്രൻ നായർ

8. എൽ. മധു.

9. എ. അജിത കുമാരി

10. എ.ആർ. ബീന

11. എസ്. സഫീന ബീഗം

12. എ. നൂർജഹാൻ

13. എൻ. ഹരിഹരൻ ആശാരി.

14. വി. പ്രഭാകരൻ നായർ

15. കെ.പി. വേണു

16. വി. സതീഷ് ചന്ദ്രൻ

| | | | |
|---|---|---|---|
| | | | 17. എസ്. സുജനൻ<br><br>18. എൻ ഹരികുമാർ.<br><br>19. തൗഫീന<br><br>20. എൻ.എം. ബീമ<br><br>21. എസ്. സുനിത<br><br>22. വി.എസ്. സുനിൽ<br><br>23. എ.ആർ. ദീപു |
| (ഡി) | ബാങ്കിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് കെ. എസ്. എഫ്. ഇ. - യിൽ വ്യാജമായി ഈട് നൽകി തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ. എസ്. എഫ്. ഇ. - യ്ക്ക് എത്ര തുകയാണ് തിരിമറിയിൽ നഷ്ടപ്പെട്ടിരിക്കുന്നതെന്നും ചിട്ടി തുക കൈപ്പറ്റിയ വ്യക്തിയിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ഡി) | ബാങ്കിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ.യിൽ വ്യാജമായി ഈട് നൽകി തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് കെ.എസ്.എഫ്.ഇ. ആണ്. |
| (ഇ) | വർഷങ്ങളായി ഈ ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ യഥാസമയം കണ്ടെത്താത്തത് സഹകരണ വകുപ്പിന്റെ വീഴ്ചയാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | സഹകരണ വകുപ്പിന്റെ ആഡിറ്റ് പരിശോധനയിലും ഇൻസ്പെക്ഷനിലുമാണ് നേമം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്.ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (എഫ്) | നിക്ഷേപകരെ സഹായിക്കുന്നതിന് സർക്കാരോ, സഹകരണ വകുപ്പോ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എഫ്) | നിക്ഷേപകർക്ക് നിക്ഷേപതുക തിരികെ നൽകുന്നതിന് കുടിശ്ശിക വായ്പ പിരിച്ചെടുക്കുന്നതിനും വായ്പയിൽ ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പക്കാർക്കെതിരെ ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ക്രമക്കേടുകൾ വഴി സംഘത്തിന് നഷ്ടമായ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ